# കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം

**കോളേജ് വിദ്യാഭ്യാസ വകുപ്പ് -ഗവൺമെന്റ് കോളേജ് അദ്ധ്യാപകർ -മ്യൂസിക് വിഭാഗം പൊതു സ്ഥലം മാറ്റം 2023-2024 ഉത്തരവ് പുറപ്പെടുവിക്കുന്നു.**

ഉത്തരവ് നമ്പർ എ4/24665/2023/കോ.വി.വ തീയതി:12/07/2023

പരാമർശം:1.ഈ ഓഫീസിലെ 02.03.2023 തിയതിയിലെ എ1/7936/2023/കോവിവ നമ്പർ സർക്കുലർ

2. 22.06.2023 തിയതിയിലെ ശ്രീ.കെ.അഷ്ടമൻ പിള്ള-യുടെ അപേക്ഷ

## ഉത്തരവ്

സർക്കാർ കോളേജുകളിലെ മ്യൂസിക് വിഭാഗം അദ്ധ്യാപകരുടെ 2023-2024 ലെ പൊതു സ്ഥലം മാറ്റത്തിനുള്ള അപേക്ഷകൾ ക്ഷണിച്ചതിൽ അർഹരായ അപേക്ഷകർ ഇല്ലാത്തതിനാൽ കരട് പട്ടിക പ്രസിദ്ധീകരിച്ചിരുന്നില്ല. എന്നാൽ 2023-2024 പൊതു സ്ഥലം മാറ്റത്തിൽ അപേക്ഷിച്ചിരുന്ന എറണാകുളം മഹാരാജാസ് കോളേജിലെ സംഗീത വിഭാഗം അധ്യാപകൻ ശ്രീ.കെ.അഷ്ടമൻ പിള്ള നിലവിൽ ഒഴിവുള്ള ചിറ്റൂർ ഗവൺമെന്റ് കോളേജിലേക്ക് സ്ഥലം മാറ്റം ആവശ്യപ്പെട്ടതനുസരിച്ച് ചുവടെ കാണുന്ന പ്രകാരം മ്യൂസിക് വിഭാഗം അധ്യാപകൻ ശ്രീ.കെ.അഷ്ടമൻ പിള്ളയെ അദ്ദേഹത്തിന്റെ പേരിന് നേരെ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥാപനത്തിലേയ്ക്ക് ഉടൻ പ്രാബല്യത്തോടെ സ്ഥലം മാറ്റി നിയമിച്ച് കൊണ്ട് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേരും ജോലി ചെയ്യുന്ന സ്ഥാപനവും | സ്ഥലം മാറ്റം നൽകുന്ന സ്ഥാപനം |
|---|---|---|
| 1 | ശ്രീ.കെ.അഷ്ടമൻ പിള്ള<br>മഹാരാജാസ് കോളേജ്<br>എറണാകുളം<br>(ഓപ്ഷൻ) | ഗവൺമെന്റ് കോളേജ്,<br>ചിറ്റൂർ, പാലക്കാട്<br>(നിലവിലെ ഒഴിവിൽ) |

സ്ഥലം മാറ്റം ലഭിച്ച അദ്ധ്യാപകൻ നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്യേണ്ടതും സ്ഥലം മാറ്റി നിയമിക്കപ്പെട്ട സ്ഥാപനങ്ങളിൽ ജോയിൻ ചെയ്യേണ്ടതുമാണ്. ജോലിയിൽ പ്രവേശിച്ചതും വിടുതൽ ചെയ്തതുമായ വിവരങ്ങൾ യഥാസമയം ഈ കാര്യാലയത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

സ്ഥാപന മേധാവികൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഉത്തരവ് ഡൗൺലോഡ് ചെയ്ത് അദ്ധ്യാപകനെ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതും ജോലിയിൽ നിന്നും വിടുതൽ ചെയ്യിപ്പിക്കേണ്ടതുമാണ്.

(ഒപ്പ്)

സുധീർ കെ I A S

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്

1.കോളേജ് വിദ്യാഭ്യാസ വകപ്പിന്റെ ഔദ്യോഗിക വെബ്ബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

2.ബന്ധപ്പെട്ട അദ്ധ്യാപകന്

3.ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക്

4.സി എ ഡയറക്ടർ /അഡീഷണൽ ഡയറക്ടർ / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

5.എ / ബി സെക്ഷൻ സൂപ്രണ്ട്

6.അക്കൗണ്ടന്റ് ജനറൽ എ &ഇ എസ് .എച്ച് മൗണ്ട് റോഡ് ,നാഗമ്പടം ബ്രാഞ്ച് ഓഫീസ് കോട്ടയം

7.കരുതൽ ഫയൽ /ഓഫീസ് ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്